## മധുരമായ കുട്ടികളേ - നിങ്ങൾ ഇപ്പോൾ പഴയ ലോകത്തിന്റെ ഗേറ്റിൽ നിന്നും പുറത്തുവന്ന് ശാന്തിധാമത്തിലേക്കും, സുഖധാമത്തിലേക്കും പോവുകയാണ്, ബാബ തന്നെയാണ് മുക്തി- ജീവന്മുക്തിയുടെ വഴി പറഞ്ഞുതരുന്നത്.

**ചോദ്യം:-** വർത്തമാനസമയത്തെ ഏറ്റവും നല്ല കർമ്മം എന്താണ്?
**ഉത്തരം:-** ഏറ്റവും നല്ല കർമ്മം മനസാ, വാചാ, കർമ്മണാ അന്ധരുടെ ഊന്നുവടിയാവുക എന്നതാണ്. നിങ്ങൾ കുട്ടികൾ വിചാരസാഗരമഥനം ചെയ്യണം അതായത് ഏത് വാക്ക് എഴുതിയാൽ മനുഷ്യർക്ക് വീട്ടിലേക്കും(മുക്തിയുടെ) ജീവന്മുക്തിയിലേക്കുമുള്ള വഴി ലഭിക്കും. ഇവിടെ നിന്ന് ശാന്തിയുടേയും സുഖത്തിന്റേയും ലോകത്തിലേക്ക് പോകുന്നതിനുള്ള വഴി പറഞ്ഞുതരുന്നതാണ് എന്ന് മനുഷ്യർ സഹജമായി മനസ്സിലാക്കണം

**ഓം ശാന്തി.** മാന്ത്രികന്റെ വിളക്കിനെക്കുറിച്ച് കേട്ടിട്ടുണ്ടോ? അലാവുദ്ദീൻന്റെ വിളക്കിനെക്കുറിച്ചും പാടിയിട്ടുണ്ട്. അലാവുദ്ദീനിന്റെ വിളക്കോ അല്ലെങ്കിൽ മാന്ത്രികന്റെ വിളക്കോ എന്തെല്ലാമാണ് കാണിച്ചിരിക്കുന്നത്! വൈകുണ്ഠം, സ്വർഗ്ഗം, സുഖധാമം. വിളക്കിനെ പ്രകാശം എന്നാണ് പറയാറ്. ഇപ്പോഴാണെങ്കിൽ അന്ധകാരമല്ലേ. ഇപ്പോൾ വെളിച്ചം കാണിക്കുന്നതിനായി കുട്ടികൾ പ്രദർശിനികളും, മേളകളും സംഘടിപ്പിക്കുന്നു, ഇത്രയും ചിലവ് ചെയ്യുന്നു, തലയിട്ട് ഉടക്കുന്നു. ചോദിക്കാറുമുണ്ട്, ബാബാ ഇതിന് എന്ത് പേര് വെക്കണം? ഇവിടെ മുംബൈയെ ഗേറ്റ് വേ ഓഫ് ഇന്ത്യ എന്നാണ് പറയുന്നത്. സ്റ്റീമർ ആദ്യം മുംബൈയിലാണ് വരുന്നത്. ഡെൽഹിയിലും ഇന്ത്യാഗേറ്റുണ്ട്. ഇപ്പോൾ നിങ്ങളുടേത് ഗേറ്റ് ഓഫ് മുക്തി ജീവന്മുക്തിയാണ്. രണ്ട് ഗേറ്റുകളുണ്ടല്ലോ. എപ്പോഴും രണ്ട് ഗേറ്റുകൾ ഉണ്ടാകും ഉള്ളിലേക്കും, പുറത്തേക്കും (ഇൻ& ഔട്ട്). ഒന്നിലൂടെ വരും, അടുത്തതിലൂടെ പോകും. ഇതും അതുപോലെയാണ്- നമ്മൾ പുതിയ ലോകത്തിലേക്ക് വരുന്നു പിന്നീട് പഴയ ലോകത്തിലൂടെ പുറത്ത് കടന്ന് തന്റെ വീട്ടിലേക്ക് പോകുന്നു. എന്നാൽ തനിയേ തിരിച്ചുപോകാൻ നമുക്ക് കഴിയില്ല എന്തെന്നാൽ വീട് മറന്നുപോയി, വഴികാട്ടി വേണം. വഴി പറഞ്ഞുതരുന്ന വഴികാട്ടിയേയും നമുക്ക് ലഭിച്ചു. കുട്ടികൾക്കറിയാം, ബാബ നമുക്ക് മുക്തി-ജീവന്മുക്തി, ശാന്തി, സുഖത്തിലേക്കുള്ള വഴി പറഞ്ഞുതരികയാണ്. അതിനാൽ ഗേറ്റ് ഓഫ് ശാന്തിധാമം,സുഖധാമം എന്ന് എഴുതണം. വിചാരസാഗരമഥനം ചെയ്യേണ്ടേ. വളരെയധികം ചിന്തിക്കണം- മുക്തി ...ജീവന്മുക്തി.. എന്ന് എന്തിനെയാണ് പറയുന്നത്, ഇതും ആർക്കും അറിയില്ല. ശാന്തിയും, സുഖവും എല്ലാവരും ആഗ്രഹിക്കുന്നുണ്ട്. ശാന്തിയും വേണം, ധനവും സമ്പത്തും വേണം. അത് സത്യയുഗത്തിലാണ് ഉണ്ടാവുക. അതിനാൽ പേര് എഴുതണം- ഗേറ്റ് ഓഫ് ശാന്തിധാമം ആൻഡ് സുഖധാമം അഥവാ ഗേറ്റ് ഓഫ് പ്യൂരിറ്റി, പീസ് ആൻഡ് പ്രോസ്പിരിറ്റി. ഇത് നല്ല വാക്കുകളാണ്. മൂന്നും ഇവിടെയില്ല. അതിനാൽ ഇതിനെക്കുറിച്ച് പിന്നീട് മനസ്സിലാക്കിക്കൊടുക്കേണ്ടതായുമുണ്ട്. പുതിയ ലോകത്തിൽ ഇതെല്ലാം ഉണ്ടായിരുന്നു. പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നത് പതീതപാവനനായ ഗോഡ് ഫാദറാണ്. അതിനാൽ തീർച്ചയായും നമുക്ക് ഈ പഴയ വീട്ടിൽ നിന്നും പുറത്തുവന്ന് വീട്ടിലേക്ക് പോകേണ്ടതുണ്ട്. അപ്പോൾ ഇത് പ്യൂരിറ്റി, പീസ്, പ്രോസ്പിരിറ്റിയുടെ ഗേറ്റല്ലേ. ബാബക്ക് ഈ പേര് നല്ലതായി തോന്നുന്നു. ഇപ്പോൾ ശരിക്കും ഇതിന്റെ ഉദ്ഘാടനം ശിവബാബയാണ് ചെയ്യുന്നത്. എന്നാൽ നമ്മൾ ബ്രാഹ്മണരിലൂടെയാണ് ചെയ്യുന്നത്. ലോകത്തിൽ ഒരുപാട് ഉദ്ഘാടന ചടങ്ങുകൾ നടക്കാറുണ്ട്. ചിലർ ആശുപത്രിയുടെ ചെയ്യും. ചിലർ യൂണിവേഴ്സിറ്റിയുടെ ചെയ്യും. ഇതാണെങ്കിൽ ഒന്നാണ് നടക്കുന്നത് അതും ഇപ്പോൾ മാത്രമാണ് നടക്കുന്നത് അതുകൊണ്ട് ചിന്തിക്കണം. കുട്ടികൾ എഴുതി - ബ്രഹ്മാബാബ വന്ന് ഉദ്ഘാടനം ചെയ്യണം. ബാപ്ദാദ രണ്ടുപേരെയും വിളിക്കണം. ബാബ പറയുന്നു നിങ്ങൾ പുറമെ എവിടേക്കും പോകരുത്. ഉദ്ഘാടനം ചെയ്യാൻ പോവുക, ഇത് വിവേകം അനുവദിക്കുന്നില്ല, നിയമമില്ല. ഇത് ആർക്കും തുറക്കാൻ സാധിക്കും. പത്രങ്ങളിലും വരും- പ്രജാപിതാ ബ്രഹ്മാകുമാരീ -കുമാരന്മാർ. ഈ പേരും വളരെ നല്ലതല്ലേ. പ്രജാപിതാവ് എല്ലാവരുടേയും പിതാവായില്ലേ. എന്താ കുറഞ്ഞതാണോ! ബാബ പിന്നീട് ഉദ്ഘാടനവും ചെയ്യിക്കുന്നു. ചെയ്യുന്നവനും, ചെയ്യിപ്പിക്കുന്നവനുമല്ലേ. ബുദ്ധിയിൽ ഉണ്ടാവണം, നമ്മൾ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുകയാണ്. അപ്പോൾ എത്ര പുരുഷാർത്ഥം ചെയ്ത് ശ്രീമതത്തിലൂടെ നടക്കണം. വർത്തമാന സമയത്ത് മനസാ-വാചാ- കർമ്മണായുള്ള ഏറ്റവും നല്ല കർമ്മം ഒന്നേയുള്ളു- അന്ധരുടെ ഊന്നുവടിയാവുക. അല്ലയോ അന്ധരുടെ ഊന്നുവടിയായ പ്രഭോ എന്ന് പാടുന്നുമുണ്ട്. എല്ലാവരും അന്ധന്മാരാണ്. അതിനാൽ ബാബ വന്ന് ഊന്നുവടിയാവുകയാണ്. ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം നൽകുന്നു, ഇതിലൂടെ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് നിങ്ങൾ സ്വർഗ്ഗത്തിലേക്ക് പോകുന്നു. നമ്പർവൈസ് തന്നെയാണ്. ഇത് വളരെ വലിയ പരിധിയില്ലാത്ത ഹോസ്പിറ്റലും, യൂണിവേഴ്സിറ്റിയുമാണ്. മനസ്സിലാക്കിത്തരുന്നു-

ആത്മാക്കളുടെ പിതാവ് പതീത പാവനനായ പരമപിതാ പരമാത്മാവാണ്. നിങ്ങൾ ആ പിതാവിനെ ഓർമ്മിക്കൂ എങ്കിൽ സുഖധാമത്തിലെത്തും. ഇത് നരകമാണ്, ഇതിനെ സ്വർഗ്ഗമെന്ന് പറയില്ല. സ്വർഗ്ഗത്തിൽ ഒരു ധർമ്മ മേയുണ്ടാകൂ. ഭാരതം സ്വർഗ്ഗമായിരുന്നു, രണ്ടാമതായി ഒരു ധർമ്മവും ഉണ്ടായിരുന്നില്ല. ഇത് ഓർമ്മിച്ചാൽ മാത്രം മതി, അതും മന്മനാഭവയാണ്. സ്വർഗ്ഗത്തിൽ നമ്മൾ മുഴുവൻ വിശ്വത്തിന്റേയും അധികാരികളായി രുന്നു- ഇത്രപോലും ഓർമ്മ വരുന്നില്ല! നമുക്ക് ബാബയെ ലഭിച്ചു എന്ന് ബുദ്ധിയിലുണ്ട് എങ്കിൽ അത്രക്ക് സന്തോഷവും ഉണ്ടാവണം. എന്നാൽ മായയും കുറവല്ല. ഇങ്ങനെയുള്ള ബാബയുടേതായി മാറിയിട്ടും ഇത്രപോലും സന്തോഷമില്ല. കോട്ടുവാ ഇട്ടുകൊണ്ടിരിക്കുന്നു. മായ അടിക്കടി വളരെയധികം കോട്ടുവാ ഇടീക്കുന്നു. ശിവബാബയുടെ ഓർമ്മയെ മായ്ക്കുന്നു. സ്വയം പറയുന്നു, ഓർമ്മ നിലനിൽക്കുന്നില്ല. ബാബ ജ്ഞാനസാഗരത്തിൽ മുക്കുന്നു പിന്നീട് മായ വിഷയസാഗരത്തിൽ മുക്കുന്നു. വളരെ സന്തോഷത്തോടെ മുങ്ങാൻ തുടങ്ങുന്നു. ബാബ പറയുന്നു ശിവബാബയെ ഓർമ്മിക്കൂ. മായ പിന്നീട് മറപ്പിക്കുന്നു. ബാബയെ ഓർമ്മിക്കുന്നതേയില്ല. ബാബയെ അറിയുന്നില്ല. ദുഃഖഹർത്താവും സുഖകർത്താവുമായ പരമപിതാ പര മാത്മാവല്ലേ. ബാബ ദുഃഖത്തെ ഇല്ലാതാക്കുന്നവനാണ്. അവർ പിന്നീട് ഗംഗയിൽ ചെന്ന് മുങ്ങുന്നു. ഗംഗ പതീതപാവനിയാണ് എന്ന് കരുതുന്നു. സത്യയുഗത്തിൽ ഗംഗയെ ദുഃഖമില്ലാതാക്കുന്നവൾ, പാപത്തെ ഇല്ലാതാക്കുന്നവൾ എന്ന് പറയില്ല. സാധു സന്യാസിമാർ എല്ലാവരും ചെന്ന് നദിക്കരയിലാണ് ഇരിക്കുന്ന ത്. സാഗരതീരത്ത് എന്തുകൊണ്ടാണ് ഇരിക്കാത്തത്? ഇപ്പോൾ നിങ്ങൾ കുട്ടികൾ സാഗരതീരത്താണ് ഇരി ക്കുന്നത്. വളരെയധികം കുട്ടികൾ സാഗരത്തിനടുത്തേക്ക് വരുന്നു. പിന്നീട് മനസ്സിലാക്കുന്നു സാഗര ത്തിൽ നിന്നും പുറപ്പെടുന്ന ചെറുതും വലുതുമായ നദികളുമുണ്ട്. ബ്രഹ്മപുത്രാ, സിന്ധു, സരസ്വതി ഈ പേരുകളും നൽകിയിട്ടുണ്ട്.

ബാബ മനസ്സിലാക്കിത്തരുന്നു - കുട്ടികളേ- നിങ്ങൾ മനസാ- വാചാ- കർമ്മണാ വളരെയധികം ശ്രദ്ധ വെക്കണം, ഒരിക്കലും നിങ്ങൾക്ക് ക്രോധം വരാൻ പാടില്ല. ക്രോധം ആദ്യം മനസിലാണ് വരുന്നത് പിന്നീ ടാണ് വാക്കുകളിലേക്കും കർമ്മത്തിലേക്കും വരുന്നത്. ഇവ മൂന്നും ജനലുകളാണ് അതിനാൽ ബാബ മന സ്സിലാക്കിത്തരുന്നു- മധുരമായ മക്കളേ, ഒരുപാട് സംസാരിക്കരുത്, ശാന്തമായിരിക്കൂ, വാക്കുകളിൽ വന്നാൽ കർമ്മത്തിലേയ്ക്കും വരും. ദേഷ്യം ആദ്യം മനസ്സിലാണ് വരുന്നത് പിന്നീടാണ് വാക്കുകളിലേക്കും, കർമ്മ ത്തിലേക്കും വരുന്നത്. മൂന്ന് ജനലുകളിലൂടെയും വരുന്നു. ആദ്യം മനസ്സിലാണ് വരുക. ലോകരാണെ ങ്കിൽ പരസ്പരം ദുഃഖം നൽകിക്കൊണ്ടിരിക്കുകയാണ്, വഴക്കടിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ ആർക്കും ദുഃഖം നൽകരുത്. ചിന്തപോലും വരരുത്. സൈലൻസിൽ ഇരിക്കുന്നത് വളരെ നല്ലതാണ്. അതിനാൽ ബാബ വന്ന് സ്വർഗ്ഗത്തിന്റെ അഥവാ സുഖ- ശാന്തിയുടെ വഴി പറഞ്ഞുതരുന്നു. കുട്ടികൾക്കാണ് പറഞ്ഞു തരുന്നത്. കുട്ടികളോട് പറയുന്നു നിങ്ങളും മറ്റുള്ളവരോട് പറയൂ. സ്വർഗ്ഗത്തിൽ പവിത്രതയും, ശാന്തിയും, സമൃദ്ധിയും ഉണ്ടാകും. അവിടേക്ക് എങ്ങനെ പോകും എന്നത് മനസ്സിലാക്കണം. ഈ മഹാഭാരത യുദ്ധവും ഗേറ്റ് തുറന്ന് തരും. ബാബയുടെ വിചാരസാഗരമഥനം നടക്കുന്നുണ്ട്. എന്ത് പേര് വെയ്ക്കും? അതിരാ വിലെ വിചാരസാഗരമഥനം ചെയ്യുന്നതിലൂടെ വെണ്ണ ലഭിക്കും. നല്ല വഴി ലഭിക്കും, അതിനാലാണ് ബാബ പറയുന്നത് അതിരാവിലെ ഉണർന്ന് ബാബയെ ഓർമ്മിക്കൂ വിചാര സാഗര മഥനം ചെയ്യൂ- എന്ത് പേര് വെക്കാം? ചിന്തിക്കണം, ചിലരുടേത് നല്ല ആശയമായിരിക്കും. ഇപ്പോൾ നിങ്ങൾക്കറിയാം പതീതരെ പാവ നമാക്കി മാറ്റുക എന്നാൽ നരകവാസിയിൽ നിന്നും സ്വർഗ്ഗവാസിയാക്കി മാറ്റുക എന്നാണ് അർത്ഥം. ദേവ തകൾ പാവനമാണ്, അതിനാലാണ് അവരുടെ മുന്നിൽ തല കുമ്പിടുന്നത്. നിങ്ങൾക്ക് ഇപ്പോൾ ആരു ടേയും മുന്നിൽ തലകുനിക്കേണ്ടതില്ല, നിയമമില്ല. ബാക്കി യുക്തിപൂർവ്വം പെരുമാറണം. സാധു സന്യാസി മാർ ഞങ്ങൾ ശ്രേഷ്ഠരും പവിത്രവുമാണ് എന്നും, മറ്റുള്ളവർ അപവിത്രരും നീചരുമാണെന്നും കരുതു ന്നു. നിങ്ങൾക്ക് നന്നായി അറിയാം നമ്മളാണ് സർവ്വശ്രേഷ്ഠം, എന്നാൽ ആരെങ്കിലും കൈകൂപ്പുകയാ ണെങ്കിൽ തീർച്ചയായും തിരിച്ചും നൽകണം. ഹരി ഓം തത് സത് എന്നു പറയുകയാണെങ്കിൽ തിരിച്ചും പറയണം. യുക്തിപൂർവ്വം നടന്നില്ലെങ്കിൽ അവരെ കൈയ്യിൽ കിട്ടില്ല. വളരെയധികം യുക്തിവേണം. എപ്പോൾ മരണം തലക്ക് മുകളിൽ വരുന്നുവോ അപ്പോൾ എല്ലാവരും ഭഗവാനെത്തന്നെയാണ് ഓർമ്മിക്കുന്നത്. ഇന്നുകാലത്ത് ആപത്തുകൾ ഒരുപാട് സംഭവിക്കുന്നുണ്ട്. പതുക്കെപ്പതുക്കെ അഗ്നി പടരും. അഗ്നി ആരം ഭിക്കുന്നത് വിദേശത്തുനിന്നായിരിക്കും പിന്നീട് അത് പതുക്കെപ്പതുക്കെ മുഴുവൻ ലോകത്തിലും പടർന്ന് എല്ലാം കത്തിനശിക്കും. അവസാനം നിങ്ങൾ കുട്ടികൾ മാത്രമേ ഉണ്ടാകൂ. നിങ്ങളുടെ ആത്മാവ് പവിത്ര മായി മാറുമ്പോൾ നിങ്ങൾക്ക് അവിടെ പുതിയ ലോകം ലഭിക്കും. ലോകമാകുന്ന പുതിയ നോട്ട് നിങ്ങ ളുടെ കൈയ്യിലാണ് ലഭിക്കുക. നിങ്ങളാണ് രാജ്യം ഭരിക്കുക. അലാവുദ്ദീനിന്റെ വിളക്കും പ്രശസ്തമല്ലേ! നോട്ട് ഇങ്ങനെ കാണിച്ചാൽ സ്വർഗ്ഗത്തിന്റെ ഖജനാവുകൾ ലഭിക്കും. ഇതും അതുപോലെയാണ്. നിങ്ങൾക്ക് അറിയാം അല്ലാഹു അലാവുദ്ദീന് പെട്ടെന്ന് സാക്ഷാത്ക്കാരം ചെയ്യിക്കുകയാണ്. കേവലം നിങ്ങൾ ശിവ ബാബയെ ഓർമ്മിക്കൂ... എങ്കിൽ എല്ലാ സാക്ഷാത്ക്കാരവും ലഭിക്കും. തീവ്ര ഭക്തി ചെയ്യുന്നതിലൂടെയും

സാക്ഷാത്ക്കാരം ലഭിക്കാറില്ലേ. ഇവിടെ നിങ്ങൾക്ക് ലക്ഷ്യത്തിന്റെ സാക്ഷാത്ക്കാരം ഉണ്ടാവുക തന്നെ ചെയ്യും പിന്നീട് നിങ്ങൾ ബാബയേയും സ്വർഗ്ഗത്തേയും വളരെയധികം ഓർമ്മിക്കും. ഓരോ നിമിഷവും കണ്ടുകൊണ്ടിരിക്കും. ആരാണോ ബാബയിലും, ജ്ഞാനത്തിലും ലയിച്ചിരിക്കുന്നത് അവർക്കേ അന്തിമ ത്തിലെ മുഴുവൻ ദൃശ്യങ്ങളും കാണാൻ സാധിക്കൂ. വലിയ ലക്ഷ്യമാണ്. സ്വയം ആത്മാവാണെന്ന് മനസ്സി ലാക്കി ബാബയെ ഓർമ്മിക്കുക എന്നത് ചിറ്റമ്മയുടെ വീട്ടിൽ പോകുന്നതുപോലെ എളുപ്പമല്ല. വളരെ യധികം പരിശ്രമമുണ്ട്. ഓർമ്മയാണ് മുഖ്യം. എങ്ങനെയാണോ ബാബ ദിവ്യദൃഷ്ടി ദാതാവായിരിക്കുന്നത് അതുപോലെ നിങ്ങൾ സ്വയം ദിവ്യദൃഷ്ടി ദാതാവായി മാറും. എങ്ങനെയാണോ ഭക്തിമാർഗ്ഗത്തിൽ തീവ്ര ഗതിയിൽ ഓർമ്മിക്കുന്നതിലൂടെ സാക്ഷാത്ക്കാരം ഉണ്ടാകുന്നത്. തന്റെ പരിശ്രമത്തിലൂടെതന്നെയാണ് ദിവ്യദൃഷ്ടി ദാതാവായി മാറുന്നത്. നിങ്ങൾക്കും ഓർമ്മയുടെ പരിശ്രമത്തിൽ ഇരിക്കുന്നതിലൂടെ വളരെ യധികം സന്തോഷമുണ്ടാകും മാത്രമല്ല സാക്ഷാത്ക്കാരം ഉണ്ടായിക്കൊണ്ടിരിക്കും. ഈ മുഴുവൻ ലോകത്തേയും മറക്കും. മന്മനാഭവയായിരിക്കും. ഇനിയെന്തുവേണം!... യോഗബലത്തിലൂടെ പിന്നീട് നിങ്ങൾ നിങ്ങളുടെ ശരീരം ഉപേക്ഷിക്കും. ഭക്തിയിലും പരിശ്രമമുണ്ട്, ഇതിലും പരിശ്രമിക്കണം. പരിശ്രമിക്കേണ്ട വഴി ബാബ ഫസ്റ്റ് ക്ലാസായി പറഞ്ഞുതന്നുകൊണ്ടിരിക്കുന്നു. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി യാൽ പിന്നീട് ദേഹത്തിന്റെ അഭിമാനം ഉണ്ടായിരിക്കില്ല. ബാബക്ക് സമാനമായി മാറും. സാക്ഷാത്ക്കാരം ചെയ്തുകൊണ്ടിരിക്കും. വളരെയധികം സന്തോഷമുണ്ടാകും. അവസാനത്തെ റിസൾട്ടാണ് പാടപ്പെട്ടിരി ക്കുന്നത്. തന്റെ നാമ രൂപത്തിൽ നിന്നുപോലും വേറിടണം അപ്പോൾ മറ്റുള്ള നാമ രൂപങ്ങളെ ഓർമ്മിക്കു ന്നതിലൂടെ എന്ത് അവസ്ഥയാകും ഉണ്ടാകുക. ജ്ഞാനം വളരെ സഹജമാണ്. പ്രാചീന ഭാരതത്തിലെ യോഗത്തിലാണ് ഇന്ദ്രജാലം. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്, ബ്രഹ്മജ്ഞാനികളും ഇങ്ങനെയാണ് ശരീരം ഉപേക്ഷിക്കുന്നത്. നമ്മൾ ആത്മാക്കളാണ്, പരമാത്മാവിൽ ലയിച്ചുചേരണം. ആരും ലയിക്കുന്നില്ല. അവർ ബ്രഹ്മജ്ഞാനികളാണ്. ബാബ കണ്ടിട്ടുണ്ട് ഇരുന്ന ഇരുപ്പിൽ ശരീരം ഉപേക്ഷിക്കും. വായുമണ്ഡലം വളരെ ശാന്തമായിരിക്കും, നിശബ്ദമായിരിക്കും. ആരാണോ ജ്ഞാനമാർഗ്ഗത്തിലുള്ളത്, ശാന്തമായിരിക്കുന്നത് അവർക്കേ നിശബ്ദത ഇഷ്ടമാകൂ. ബാക്കി ഒരുപാട് കുട്ടികൾ ഇപ്പോൾ ശൈശവാവസ്ഥയിലാണ്. മിനി റ്റിന് മിനിറ്റിന് വീണുപോകുന്നു, ഇതിൽ വളരെ വലിയ ഗുപ്തമായ പരിശ്രമമുണ്ട്. ഭക്തിമാർഗ്ഗത്തിലെ പരി ശ്രമം പ്രത്യക്ഷമാണ്. മാല കറക്കുന്നു, കുടിലിൽ ഇരുന്ന് പ്രാർത്ഥന നടത്തുന്നു. ഇവിടെയാണെങ്കിൽ നിങ്ങൾ നടന്നുകൊണ്ടും ചുറ്റിക്കറങ്ങിക്കൊണ്ടും ഓർമ്മിക്കുന്നു. ഇവർ രാജധാനി നേടുകയാണ് എന്നത് ആർക്കും അറിയാൻ കഴിയില്ല. യോഗത്തിലൂടെ വേണം മുഴുവൻ കർമ്മക്കണക്കുകളും അവസാനിപ്പി ക്കാൻ. ജ്ഞാനത്തിലൂടെ അവസാനിക്കില്ല. കണക്ക് ഇല്ലാതാകുന്നത് യോഗത്തിലൂടെയാണ്. കർമ്മക്കണ ക്കുകൾ ഓർമ്മയിലൂടെ ഇല്ലാതാകും. ഇത് ഗുപ്തമാണ്. ബാബ എല്ലാം ഗുപ്തമായതാണ് പഠിപ്പിക്കുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവു മായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും, സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) മനസാ വാചാ കർമ്മണാ ഒരിക്കലും ക്രോധിക്കരുത്. ഈ മൂന്ന് ജനലുകളിന്മേലും വളരെ അധികം ശ്രദ്ധ വെക്കണം. ഒരുപാട് സംസാരിക്കരുത്. പരസ്പരം ദുഃഖം നൽകരുത്.

2) ജ്ഞാനയോഗത്തിൽ മുഴുകിയിരുന്ന് അന്തിമ ദൃശ്യങ്ങൾ കാണണം. തന്റേയും, മറ്റുള്ളവരുടേയും നാമ രൂപങ്ങളെ മറന്ന് ഞാൻ ആത്മാവാണ് എന്ന സ്മൃതിയിലൂടെ ദേഹബോധത്തെ സമാപ്തമാക്കണം

## വരദാനം - സ്നേഹമാകുന്ന ബാണത്തിലൂടെ, സ്നേഹത്താൽ മുറിവേൽപ്പിക്കുന്ന, സ്നേഹത്താലും പ്രാപ്തികളാലും സമ്പന്നരായ ലവ്ലീൻ ആത്മാക്കളായി ഭവിക്കട്ടെ.

എങ്ങിനെയാണോ ലൗകികരീതിയിൽ രണ്ടുപേർ പരസ്പരം സ്നേഹത്തിൽ മുഴുകുമ്പോൾ മുഖത്തിലൂ ടെയും,കണ്ണിലൂടെയും, വാക്കുകളിലൂടെയും ലവ്ലീനമായ അവസ്ഥ അനുഭവം ചെയ്യാൻ കഴിയുന്നത് അതുപോലെതന്നെ, എപ്പോഴാണോ സ്റ്റേജിലേക്ക് വരുന്നത് അപ്പോൾ തന്റെയുള്ളിൽ ബാബയോടുള്ള സ്നേഹം എത്രയധികം പ്രത്യക്ഷമാകുന്നുവോ അത്രതന്നെ സ്നേഹത്തിന്റെ ബാണം മറ്റുള്ളവരെയും സ്നേഹം കൊണ്ട് മുറിവേൽപ്പിക്കും.പ്രസംഗവിഷയങ്ങളെക്കുറിച്ച് ചിന്തിക്കുക,പോയിന്റ്സ് ആവർത്തി

ക്കുക എന്നിവയുടെ സ്വരൂപമാകരുത്, മറിച്ച് സ്നേഹത്തിന്റെയും പ്രാപ്തികളുടേയും സമ്പന്ന സ്വരൂപവും, ലവ്ലീൻ സ്വരൂപവുമായി മാറണം. അധികാരികളായി സംസാരിക്കുന്നതിലൂടെ അതിന്റെ സ്വാധീനം ഉണ്ടാകും.

## സ്ലോഗൻ : സമ്പൂർണ്ണതയിലൂടെ സമാപ്തിയുടെ സമയത്തെ സമീപത്തെത്തിക്കൂ.

**അവ്യക്തസൂചന-സത്യതയും, സഭ്യതയുമാകുന്ന സംസ്ക്കാരങ്ങളെ സ്വായത്തമാക്കൂ...**
ഇവർ പ്രത്യേകതകൾ ഉള്ളവരാണ് എന്ന് എല്ലാവരും മനസ്സിലാക്കിക്കഴിഞ്ഞു,ഇവർ തന്നെയാണോ,ഇവർ മാത്രമാണോ എന്ന രീതിയിലുള്ള ആശയക്കുഴപ്പങ്ങളെ പരിഹരിക്കുക.ഇനിയും കൂടുതൽ ഉണ്ട്,ഇവിടെവരെയെത്തി എന്നാൽ ഇതൊന്നുമാത്രമാണ് ഉള്ളത് എന്നരീതിയിൽ ബാണം തൊടുക്കണം.വിളനിലം തയാറായിക്കഴിഞ്ഞു,ഇനിയും കൂടുതൽ മാറ്റങ്ങളും വരും.എന്നാൽ എന്താണോഫൗണ്ടേഷനായിട്ടുള്ളത്,പുതുമയുള്ളത്,ബീജം ഇതെല്ലാം പുതിയ അറിവുകളാണ്.നിസ്വാർത്ഥ സ്നേഹം,ആത്മീയ സ്നേഹം എന്നിവ അനുഭവം ചെയ്യുന്നുണ്ട് പക്ഷേ ഇപ്പോൾ സ്നേഹത്തോടൊപ്പമൊപ്പം ജ്ഞാനത്തിന്റെ അധികാരമുള്ള ആത്മാക്കളുമുണ്ട്.സത്യജ്ഞാനത്തിന്റെ അധികാരം അവരിലുണ്ട്.ഇത് പ്രത്യക്ഷമാക്കുമ്പോൾ മാത്രമേ പ്രത്യക്ഷത ഉണ്ടാവുകയുള്ളൂ.